# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം
നമ്പർ *309

22.08.2017-ലെ
മറുപടിക്ക്

## ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ടി.ബൽറാം<br>" എൽദോസ് പി. കുന്നപ്പിള്ളിൽ<br>" വി.പി. സജീന്ദ്രൻ<br>" ഹൈബി ഈഡൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) ശുചിത്വ-മാലിന്യസംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവകൃഷിരീതിയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷിവികസനം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകുന്ന പദ്ധതിയാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ പൊതുവായ പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.<br><br>1. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം എന്നിവകളിൽ ജനകീയ കൂട്ടായ്മകൾ സംഘടിപ്പിച്ച് പ്രവർത്തിക്കുക.<br>2. ശുചിത്വ-മാലിന്യ സംസ്കരണം, കൃഷി, ജലവിഭവം എന്നീ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഫലപ്രദമായി സമന്വയിപ്പിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക.<br><br>3. ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലും കാർഷിക മേഖലയിലും ജലവിഭവ മേഖലയിലും പ്രവർത്തിക്കുന്ന സംവിധാനങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സാങ്കേതിക പ്രാപ്തിയും സഹായങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള |

സാഹചര്യം സൃഷ്ടിക്കുക.

4. ശുചിത്വ-മാലിന്യ സംസ്കരണം, കൃഷി, ജലവിഭവം എന്നീ മേഖലകളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ പഠിച്ച് അനുയോജ്യമായ സാങ്കേതിക വിദ്യയുൾപ്പെടെയുള്ള സാധ്യതകൾ പ്രയോജന പ്പെടുത്തി അവ പരിഹരിക്കുക.

5. പ്രാഥമിക ഉത്പാദനം, ജലവിഭവം, ശുചിത്വ-മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ തയ്യാറാക്കുന്ന വിശദമായ പദ്ധതി രേഖകളുടെ സംയോജിതവും ഏകോപിതവുമായ നിർവ്വഹണം തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ സാധ്യ മാക്കുക.

6. ജലസ്രോതസ്സുകൾക്കുചുറ്റും കാർഷിക പ്രവർത്തനങ്ങളും തണ്ണീർത്തട വികസന പരിപാടികളും മറ്റ് ജലവിനിയോഗ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

7. കേരളത്തിൽ ലഭ്യമായിട്ടുള്ള സാങ്കേതിക വൈദഗ്ധ്യവും പ്രാദേശിക അറിവുകളും വികസന പ്രവർത്തനങ്ങളിൽ അനുയോജ്യമായി പരമാവധി ഉപയോഗപ്പെടുത്തുക.

(ബി) ഈ വർഷത്തെ രൂക്ഷമായ വരൾച്ച നേരിടാനായി ഹരിതകേരള മിഷൻ എന്തെല്ലാം പ്രവർത്തന ങ്ങളാണ് നടത്തിയത്; പ്രസ്തുത പ്രവർത്തനങ്ങൾ ഫലപ്രദമായി രുന്നുവെന്ന് വിലയിരു ത്തിയിട്ടുണ്ടോ;

(ബി) രൂക്ഷമായ വരൾച്ച നേരിടുന്നതിനായി കഴിഞ്ഞ ഒരു വർഷക്കാലമായി 3931 പൊതുക്കിണർ നിർമ്മിക്കുകയും 15022 എണ്ണം മഴവെള്ള റീചാർജിനുതകും വിധം വൃത്തിയാക്കുകയും ചെയ്തു. 3855 പുതിയ കുളങ്ങൾ നിർമ്മിക്കുകയും 13247 എണ്ണം പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. ഇതോടൊപ്പം 2467 കിലോമീറ്റർ തോടുകളും 1481 കിലോമീറ്റർ കനാലുകളും വൃത്തിയാക്കി. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം വിവിധ ഉപനദികൾ വൃത്തിയാക്കുന്ന പ്രവർത്തികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും, സാമൂഹിക കൂട്ടായ്മയുടെയും നേതൃത്വത്തിൽ നടന്നു വരുന്നു. ഇതോടൊപ്പം 'ജലമാണ് ജീവൻ' എന്ന കാമ്പയിൻ വഴി ജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള ഒരു പരിശ്രമവും നടത്തി. ഇത്തരം ഇടപെടലുകൾ ജലസംരക്ഷണം വർധിപ്പിക്കുന്നതിനുള്ള ഒരു പൊതു താല്പര്യം ജനിപ്പിച്ചിട്ടുണ്ട്. ലഭിക്കുന്ന മഴവെള്ളം പരമാവധി സംരക്ഷിച്ച് ഉപയോഗിക്കുന്നതിനുള്ള ഊർജിതമായ ശ്രമം സ്വീകരിക്കുന്നതിന്റെ ഫലമായി കിണറുകളിലെ

| | |
|---|---|
| | മഴവെള്ള പരിപോഷണം, കൂടുതൽ കിണറുകളും, തടയണകളും നിർമ്മിച്ച് ജലസംരക്ഷണം തുടങ്ങിയ പ്രവർത്തികൾ ഊർജിതപ്പെടുത്തുന്നതിനായി കർമ്മസേനകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വരെ സംഘടിപ്പിക്കുന്നതിനുകൂടി ഉദ്ദേശിച്ച് ഒരു മാർഗ്ഗരേഖ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്.<br><br>ജില്ലാ തലത്തിൽ നടത്തിയ അവലോകനവും ഹരിതകേരളം മിഷൻ സംസ്ഥാനതലത്തിൽ നടത്തിയ അവലോകനവും പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നു എന്നാണ് വിലയിരുത്തിയിട്ടുള്ളത്. |
| (സി) വരൾച്ചാ പ്രവർത്തനങ്ങൾക്കായി ഹരിതകേരള മിഷന്റെ ആഭി മുഖ്യത്തിൽ ഇതുവരെ എന്ത് തുക ചെലവഴിച്ച എന്ന് വ്യക്തമാക്കുമോ? | (സി) ഹരിതകേരളം മിഷൻ നേരിട്ട് തുക ചിലവഴിക്കുന്നില്ല. വിവിധ വകുപ്പുകളുടെയും, കേന്ദ്ര-സംസ്ഥാന ഏജൻസികളുടേയും ലഭ്യമായിട്ടുള്ള സാമ്പത്തിക സഹായം വിനിയോഗിച്ചാണ് പ്രവർത്തികൾ ജില്ലകളിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇത് ഏകോപിപ്പിക്കുന്നതിനുള്ള ചുമതലയാണ് ഹരിതകേരളം മിഷൻ നിർവഹിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വരൾച്ച പ്രതിരോധ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് (മാർച്ച്-ഏപ്രിൽ 2017) | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | ജില്ല | പൊതു കിണർ (എണ്ണം) | | | | കുളങ്ങൾ (എണ്ണം) | | ചിറകൾ (എണ്ണം) | തോടുകൾ (മീറ്റർ) | | | കനാലുകൾ (മീറ്റർ) |
| | | പുതുതായി നിർമ്മിച്ചവ | പുനരുജ്ജീവിപ്പിച്ചവ | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നവ | നിർമ്മിച്ച കുഴൽ കിണറുകൾ | പുതുതായി നിർമ്മിച്ചവ | പുനരുജ്ജീവിപ്പിച്ചവ | വൃത്തിയാക്കിയത് | വൃത്തിയാക്കിയത് | പുനരുജ്ജീവിപ്പിച്ചവ | പുതുതായി നിർമ്മിച്ചവ | വൃത്തിയാക്കിയത് |
| 1 | തിരുവനന്തപുരം | 4 | 138 | 77 | 33 | 27 | 168 | 7 | 112000 | 7000 | 0 | 91000 |
| 2 | കൊല്ലം | 0 | 17 | 6 | 0 | 52 | 78 | 23 | 50933 | 25622 | 450 | 1926 |
| 3 | ആലപ്പുഴ | 74 | 2008 | 122 | 4 | 438 | 9013 | 27 | 303746 | 382227 | 5169 | 52595 |
| 4 | പത്തനംതിട്ട | 0 | 1960 | 165 | 0 | 267 | 11 | 642 | 71309 | 0 | 0 | 150940 |
| 5 | കോട്ടയം | 148 | 147 | 44 | 27 | 66 | 114 | 12 | 58239 | 18797 | 1003 | 10515 |
| 6 | ഇടുക്കി | 88 | 447 | 6 | 0 | 265 | 86 | 8 | 7104 | 3985 | 0 | 2004 |
| 7 | എറണാകുളം | 690 | 384 | 81 | 17 | 42 | 246 | 349 | 500865 | 166166 | 3820 | 297209 |
| 8 | തൃശ്ശൂർ | 438 | 1290 | 81 | 14 | 351 | 502 | 47 | 507692 | 245978.4 | 1150 | 99756.2 |
| 9 | പാലക്കാട് | 782 | 4368 | 776 | 0 | 650 | 2027 | 411 | 324865 | 192300 | 0 | 477957 |
| 10 | മലപ്പുറം | 1105 | 3366 | 386 | 13 | 526 | 464 | 916 | 9000 | 202475 | 1212 | 155773 |
| 11 | കോഴിക്കോട് | 19 | 462 | 49 | 0 | 146 | 32 | 2 | 191920 | 61235 | 2191 | 122792 |
| 12 | വയനാട് | 131 | 62 | 5 | 9 | 571 | 214 | 16 | 220990 | 52640 | 163 | 13017.8 |
| 13 | കണ്ണൂർ | 161 | 259 | 91 | 2 | 294 | 98 | 20 | 69621 | 20795 | 2439 | 1550 |
| 14 | കാസർഗോഡ് | 291 | 114 | 125 | 0 | 160 | 194 | 683 | 38715 | 11780 | 100 | 3625 |
| | **Total** | **3931** | **15022** | **2014** | **119** | **3855** | **13247** | **3163** | **2466999** | **1391000.4** | **17697** | **1480660** |

സെക്ഷൻ ഓഫീസർ.